# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂലൈ 10, ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

<u>മറുപടി നൽകുന്ന മന്ത്രിമാർ</u>

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി

### കേന്ദ്ര സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പുകളുടെ ക്ഷേമപദ്ധതികൾ

*571 ശ്രീ. പാലോട് രവി
,, അൻവർ സാദത്ത്
,, കെ. ശിവദാസൻനായർ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കി അവയുടെ ആനുകൂല്യങ്ങൾ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും ഈ പദ്ധതികളെക്കുറിച്ച് അവരെ ബോധവൽക്കരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ബി) ഇതിനായി ന്യൂനപക്ഷക്ഷേമ പ്രമോട്ടർമാരെ നിയമിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

(സി) ഇവരുടെ ഉത്തരവാദിത്തങ്ങളും കര്‍ത്തവ്യങ്ങളും എന്തൊക്കെയാണ്;

(ഡി) ഇതിനായി സംസ്ഥാന വ്യാപകമായി ബോധവല്‍ക്കരണ ക്യാമ്പുകള്‍ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>സഞ്ചരിക്കുന്ന നാടൻ പച്ചക്കറി വില്പന ശാല</u>

*572 ശ്രീ. വർക്കല കഹാർ
,, കെ. മുരളീധരൻ
,, വി.റ്റി. ബൽറാം
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ നിലവാരമുള്ള നാടൻ പച്ചക്കറികൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്:

(ബി) ഇതിനുവേണ്ടിയുളള സഞ്ചരിക്കുന്ന വിൽപനശാലകൾ ഏതെല്ലാം നഗരങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്;

(സി) എവിടെ നിന്നെല്ലാമാണ് കാർഷികോല്പന്നങ്ങൾ സ്വീകരിക്കുന്നത്;

(ഡി) സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

ഗ്രാമങ്ങളിൽ നിന്നും പട്ടണങ്ങളിലേക്കുള്ള കുടിയേറ്റം

*573 ശ്രീ. പി. കെ. ബഷീർ
,, എം. പി. അബ്ദുസ്സമദ് സമദാനി
,, എൻ. എ. നെല്ലിക്കുന്ന്
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലെ തിരക്ക് നിയന്ത്രിക്കുന്നതിനും, ഗ്രാമങ്ങളിൽ നിന്നും പട്ടണങ്ങളിലേക്കുള്ള കുടിയേറ്റം കുറയ്ക്കുന്നതിനും ഉതകുന്ന ദീർഘകാല പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അതിലൂടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട്, ഗ്രാമങ്ങളിൽ നിന്നും പട്ടണങ്ങളിലേക്കുള്ള കുടിയേറ്റത്തിന്റെ പ്രധാന കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) അനിയന്ത്രിത കുടിയേറ്റം നിരുത്സാഹപ്പെടുത്തുന്നതിന്റെ ഭാഗമായി ഗ്രാമീണമേഖലയിൽ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ചെറുകിട വ്യവസായ വാണിജ്യ കേന്ദ്രങ്ങൾ കൂടുതലായി ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>നാണ്യവിളകളുടെ വിലയിടിവ്</u>

*574 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. ബാലൻ
,, ഇ. പി. ജയരാജൻ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായക പങ്കു വഹിക്കുന്ന നാണ്യവിളകൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിൽ സമീപഭാവിയിൽ വിലയിടിവ് നേരിട്ടുകൊണ്ടിരിക്കുന്നത് ഏതെല്ലാം വിളകൾക്കാണ് എന്നറിയിക്കാമോ;

(സി) ഇതിൽ കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതിയിൽപ്പെടുത്തിയിരിക്കുന്ന നാണ്യവിളകൾ ഏതെല്ലാമാണെന്നറിയിക്കാമോ;

(ഡി) കേന്ദ്രസർക്കാർ അന്താരാഷ്ട്ര തലത്തിൽ ഒപ്പുവച്ചിട്ടുളള ആസിയൻ രാജ്യങ്ങളുമായുളള സ്വതന്ത്ര വിപണി കരാർപോലുളള മറ്റ് കരാറുകൾ ഈ നാണ്യവിളകളുടെ വിലയിടിവിന് കാരണമായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഇ) നാണ്യവിളകളുടെ വിലയിടിവ് നേരിടുന്നതിനായി സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എന്തുതുകയാണ് 2012-13 ൽ ഇതിലേക്കായി നീട്ടിവെച്ചിട്ടുളളത്. വിശദമാക്കാമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>മാതൃകാ അംഗൻവാടികൾ</u>

*575 ശ്രീ. എളമരം കരീം
,, ജി. സുധാകരൻ
,, ജെയിംസ് മാത്യു
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു മാതൃകാ അംഗൻവാടിക്ക് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിരിക്കണമെന്നാണ് കരുതുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇന്നത്തെ നിലയിൽ ഇതിനായി എന്തുതുക ചെലവ് വരുമെന്നാണ് കണക്കാക്കുന്നത്; ആയതിന്റെ ഡിസൈൻ തയ്യാറാക്കപ്പെട്ടിട്ടുണ്ടോ;

(സി) അംഗൻവാടികളെ ഐ.എസ്.ഒ. നിലവാരത്തിലേക്ക് ഉയർത്താനുള്ള കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) മുപ്പത്തിമൂവായിരത്തോളം വരുന്ന കേരളത്തിലെ അംഗൻവാടികളെ നിർദ്ദിഷ്ട സൗകര്യങ്ങളോടുകൂടി ഐ.എസ്.ഒ. നിലവാരത്തിൽ എത്തിക്കാൻ മൊത്തം എന്തുതുക ആവശ്യമായി വരുമെന്നും എന്തുതുക ഏതെല്ലാം നിലയിൽ ഈ വർഷം ചെലവഴിക്കുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>നഗരവികസനത്തിനുള്ള പദ്ധതികൾ</u>

*576 ശ്രീ. കെ. ദാസൻ
,, പി. കെ. ഗുരുദാസൻ
,, വി. ശിവൻകുട്ടി
,, എ. എം. ആരീഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളുടെ വികസനത്തിനായി പരിഗണനയിലുള്ള പുതിയ പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി വഴി നഗരസഭകൾക്ക് പ്രത്യേകമായി എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കാനുദ്ദേശിക്കുന്നു ; ഇതിനായി ബഡ്ജറ്റിൽ പ്രത്യേകമായി വകയിരുത്തിയ തുക എത്രയാണ് ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം നഗരവികസനത്തിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയായിരുന്നു ; അതിൽ 2012 മാർച്ച് 31 വരെ ചെലവഴിച്ചത് എത്ര ശതമാനമായിരുന്നു ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>റസിഡൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള വ്യവസ്ഥകൾ</u>

*577 ശ്രീ. സണ്ണി ജോസഫ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, പി. സി. വിഷ്ണുനാഥ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ സ്വന്തം ഉടമസ്ഥതയിലല്ലാത്ത വീടുകളിൽ താമസിക്കുന്നവർക്കും തദ്ദേശ ഭരണസ്ഥാപനങ്ങളുടെ അംഗീകാരം ഇല്ലാത്ത വീടുകളിൽ താമസിക്കുന്ന വർക്കും റസിഡൻസ് സർട്ടിഫിക്കറ്റ് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇങ്ങനെ ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ ഏതെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണത്തിനുള്ള മാർഗ്ഗരേഖ</u>

*578 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു
'' ജോസ് തെറ്റയിൽ
'' മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി കാലയളവിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിനായി മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങളും ഇതിന്റെ നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കാമോ ?

# കേരള നിയമസഭ

## 10.07.2012-ലെ മറുപടിക്ക്

മൃഗ കലകൾ കൊണ്ട് ഹൃദയ വാൽവ് നിർമ്മാണം

T *579 ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീമതി. ഇ. എസ്. ബിജിമോൾ
ശ്രീ. ജി. എസ്. ജയലാൽ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗ കലകൾ കൊണ്ട് ഹൃദയ വാൽവ് നിർമ്മിക്കുന്നതിനുളളപരീക്ഷണങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചതെന്നാണ്; ഈ പരീക്ഷണങ്ങൾ വിജയത്തിലെത്തിയിട്ടുണ്ടോ;

(ബി) ഇത്തരം ഹൃദയ വാൽവുകളുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള ഉല്പാദനത്തിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതികൾക്കായി ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) കുറഞ്ഞ നിരക്കിൽ ഇത്തരം വാൽവുകൾ ലഭിക്കുവാൻ സാദ്ധ്യതയുണ്ടോ; ഉണ്ടെങ്കിൽ വ്യാവസായികാടിസ്ഥാനത്തിലുള്ള ഉല്പാദനം എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>സി ഡിറ്റിന്റെ പ്രവര്‍ത്തനം</u>

*580 ശ്രീ. അന്‍വര്‍ സാദത്ത്
,, ബെന്നി ബെഹനാന്‍
,, സണ്ണി ജോസഫ്
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സിഡിറ്റിന്റെ പ്രവര്‍ത്തനം ശക്തിപ്പെടുത്തുവാന്‍ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുളളത് ;

(ബി) സര്‍ക്കാരിന്റെ ആധുനിക വല്‍ക്കരണ പ്രവര്‍ത്തനങ്ങളില്‍ ശക്തമായ സംഭാവന നല്‍കത്തക്കവിധം സിഡിറ്റിനെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) ഇതിനായി എന്തെല്ലാം കാര്യങ്ങള്‍ ചെയ്യാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

ഓൺലൈനായി ജനന-മരണ സർട്ടിഫിക്കറ്റുകൾ

*581 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, വി. ഡി. സതീശൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ നിന്നുള്ള ജനന-മരണ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ

## 10.07.2012-ലെ മറുപടിക്ക്

ജെ.എന്‍.എന്‍.യു. ആര്‍.എം പ്രകാരം ലഭിച്ച സഹായങ്ങള്‍

*582 ശ്രീ. എന്‍. ഷംസുദ്ദീന്‍
,, വി.എം. ഉമ്മര്‍ മാസ്റ്റര്‍
,, പി.ബി. അബ്ദുള്‍ റസാക്
,, സി. മോയിന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുനിസിപ്പാലിറ്റികളും കോര്‍പ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജെ.എന്‍.എന്‍. യു.ആര്‍. എം പദ്ധതി പ്രകാരം സംസ്ഥാനത്തിനു ലഭിച്ചിട്ടുള്ള സഹായങ്ങള്‍ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ലഭിച്ച ലോഫ്ളോര്‍ വാഹനങ്ങള്‍ ഏതൊക്കെ നഗരങ്ങളിലാണ് ഉപയോഗപ്പെടുത്തുന്നത്;

(സി) പ്രസ്തുത വാഹനങ്ങള്‍ സര്‍വ്വീസ് നടത്തുന്നതിന്റെ ലാഭനഷ്ട കണക്കുകള്‍ ലഭിച്ചിട്ടുണ്ടോ; എങ്കില്‍ വിശദമാക്കാമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

കെ. എൽ. ജി. എസ്.ഡി. പി യുടെ പ്രവർത്തനങ്ങൾ

*583 ശ്രീ. ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ
,, കെ. അച്ചുതൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എൽ. ജി. എസ്.ഡി.പി യുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പഞ്ചായത്തുകൾക്കും മുൻസിപ്പാലിറ്റികൾക്കും ധനസഹായമുൾപ്പെടെ എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ടെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം എന്ത് തുക നൽകുകയുണ്ടായെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>പഞ്ചായത്തുകൾ തോറും പൊതുശ്മശാനം</u>

*584 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുശ്മശാനം ഇല്ലാത്ത പഞ്ചായത്തുകളിൽ അവ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുളളത് ;

(ബി) എത്ര പഞ്ചായത്തുകളിൽ പൊതുശ്മശാനം സ്ഥാപിച്ചു കഴിഞ്ഞു ;

(സി) ഇവ സ്ഥാപിക്കുന്നത് സംബന്ധിച്ചുളള ഉത്തരവ് എന്നാണ് നൽകിയത്; എന്ത് തുകയുടെ ധനസഹായമാണ് സ്ഥലമെടുപ്പിനും അനുബന്ധ പ്രവൃത്തികൾക്കുമായി അനുവദിച്ചത്; ഈ തുക പര്യാപ്തമാണോ; വിശദാംശം നൽകുമോ;

(ഡി) ശ്മശാനം സ്ഥാപിക്കുന്നതിന് മുഖ്യതടസ്സമായി നില്ക്കുന്ന വിഷയം എന്താണ്; ആയത് ഫലപ്രദമായി പരിഹരിക്കുന്നതിന് എന്തുനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

കമ്പ്യൂട്ടർ ശൃംഖല മുഖാന്തിരം പദ്ധതി അവലോകനം

*585 ശ്രീ. ആർ. രാജേഷ്
,, കെ. സുരേഷ് കുറുപ്പ്
,, ബാബു എം. പാലിശ്ശേരി
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവഹണവും പുരോഗതിയും സ്ഥിരമായി മോണിറ്റർ ചെയ്യുന്നതിനുള്ള കമ്പ്യൂട്ടർ ശൃംഖലാ സംവിധാനം പൂർണ്ണതോതിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ;

(ബി) എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിനകം പ്രസ്തുത സംവിധാനത്തിൻ കീഴിൽ പദ്ധതി നിർവ്വഹണവും പുരോഗതിയും സ്ഥിരമായി വിലയിരുത്തിവരുന്നുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത സംവിധാനം കൂടുതൽ ഫലപ്രദമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; ഇപ്പോൾ ഈ രംഗത്ത് ഐ.കെ.എം.നിർവഹിച്ചുപോരുന്ന പങ്ക് എന്താണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>നാളീകേര വികസന ബോർഡിന്റെ ഇളനീർ പാർലറുകൾ</u>

*586 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, പി. ശ്രീരാമകൃഷ്ണൻ
ശ്രീമതി കെ.കെ. ലതിക
ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇളനീർ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി നാളീകേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര പദ്ധതി നിലവിലുണ്ടോ;

(ബി) ഈ പദ്ധതിയിൽ സംസ്ഥാനത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത് സംബന്ധിച്ച അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണത്തിൽ ലഭിച്ച വിവരങ്ങൾ വിശദമാക്കാമോ;

(സി) ഇളനീരിന്റെ വില്പന വർദ്ധിപ്പിക്കുന്നതിന് നാളീകേര വികസന ബോർഡ് നടപ്പാക്കാനുദ്ദേശിക്കുന്ന ബ്രാൻഡഡ് പാർലറുകൾ സംസ്ഥാനത്തെ വഴിയോര ഇളനീർ കച്ചവടക്കാർക്ക് തിരിച്ചടിയാകുമോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

മലയാളഭാഷയ്ക്ക് ക്ലാസിക്കൽ പദവി

*587 ഡോ. കെ. ടി. ജലീൽ
ശ്രീ. എം.എ. ബേബി
,, പുരുഷൻ കടലുണ്ടി
,, എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാളഭാഷയ്ക്ക് ക്ലാസിക്കൽ പദവി നൽകേണ്ടതില്ലെന്ന കേന്ദ്ര സാഹിത്യ അക്കാദമിയുടെ ഭാഷാ സമിതിയുടെ നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനു മുമ്പ് എന്തെങ്കിലും ഇടപെടൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ജനിതകമാറ്റം വരുത്തിയ നെല്ലിന്റെ പരീക്ഷണം</u>

*588 ശ്രീമതി. ഗീതാ ഗോപി
ശ്രീ. വി.എസ്. സുനില്‍കുമാര്‍
,, പി. തിലോത്തമന്‍
,, ഇ.കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജനിതക മാറ്റം വരുത്തിയ നെല്ലിന്റെ പരീക്ഷണം നടത്താനായി സംസ്ഥാനത്തെ പട്ടികയിലുള്‍പ്പെടുത്തി വിദേശ കമ്പനി കേന്ദ്ര ഗവണ്‍മെന്റിന് അപേക്ഷ സമര്‍പ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ ഈ അപേക്ഷയിന്‍മേല്‍ കേന്ദ്ര ഗവണ്‍മെന്റ് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കില്‍ എന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) ജനിതക മാറ്റം വരുത്തിയ വിത്തിനങ്ങള്‍ സംസ്ഥാനത്ത് പരീക്ഷണം നടത്തുന്നത് സംബന്ധിച്ചുള്ള സര്‍ക്കാരിന്റെ അഭിപ്രായം എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി</u>

*589 ശ്രീ. പി. സി. വിഷ്ണുനാഥ്
,, എം.എ. വാഹീദ്
,, എം. പി. വിൻസെന്റ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പെൻഷന് അർഹരായവരെ കണ്ടെത്തുന്നത് ആരാണ്; വിശദമാക്കുമോ;

(സി) അർഹതക്കുള്ള മാനദണ്ഡങ്ങൾ എന്താണ്;

(ഡി) പെൻഷൻ സമയബന്ധിതമായി വിതരണം ചെയ്യുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിലെ പഞ്ചവത്സര പദ്ധതികൾ</u>

*590 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, വി. ചെന്താമരാക്ഷൻ
,, സി. കൃഷ്ണൻ
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ പഞ്ചവത്സര പദ്ധതികൾ തയ്യാറാക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അന്തിമ രൂപം ആയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരാവകാശങ്ങൾ</u>

*591 ശ്രീ. കെ. രാധാകൃഷ്ണൻ
,, ഇ. പി. ജയരാജൻ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരിക്കുന്ന അധികാരാവകാശങ്ങളിൽ ഏതെങ്കിലും തിരികെ എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സ്വയംഭരണ സ്ഥാപനങ്ങൾ എന്ന നിലയിൽ ഏതെങ്കിലും സ്ഥാപനം എടുത്ത ഏതെങ്കിലും തീരുമാനം ഈ സർക്കാരിന്റെ കാലത്ത് സ്റ്റേ ചെയ്യുകയോ, റദ്ദു ചെയ്യുകയോ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് വിശദമാക്കുമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളുമായോ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുമായോ ബന്ധപ്പെട്ട ഏതെല്ലാം കേസുകളിലാണ് ഇപ്രകാരം സർക്കാർ ഇടപെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

പാലിയേറ്റീവ് കെയർ യൂണിറ്റുകൾ

*592 ശ്രീ. ഹൈബി ഈഡൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ പാലിയേറ്റീവ് കെയർ സംവിധാനം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യവും പ്രവർത്തനരീതിയും സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>അറവുശാലകളുടെയും ശ്മശാനങ്ങളുടെയും ആധുനികവല്‍ക്കരണം</u>

*593 ശ്രീ. ഷാഫി പറമ്പില്‍
,, റ്റി. എന്‍. പ്രതാപന്‍
,, ഐ. സി. ബാലകൃഷ്ണന്‍
,, അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ അറവുശാലകളും ശ്മശാനങ്ങളും ആധുനികവത്ക്കരിക്കുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാന്‍ ഉദ്ദേശിക്കുന്നത്;

(ബി) ഇതിനായി എന്തു തുക ചെലവുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(സി) സ്ഥലം ലഭ്യമാക്കുകയാണെങ്കില്‍ ഇവയുടെ നിര്‍മ്മാണത്തിനാവശ്യമായ മുഴുവന്‍ തുകയും നല്‍കുന്ന കാര്യം ആലോചിക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

റസിഡന്റ്സ് അസോസിയേഷനുകൾക്ക്
മാലിന്യ സംസ്ക്കരണത്തിന് സഹായം

*594 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. മുരളീധരൻ
,, വി.റ്റി. ബൽറാം
,, വി.ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ റസിഡന്റ്സ് അസോസിയേഷനുകൾക്ക് മാലിന്യ സംസ്ക്കരണത്തിനായി എന്തെല്ലാം സഹായങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്;

(ബി) തദ്ദേശ ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതിക്ക് സബ്സിഡിയായി അസോസിയേഷനുകൾക്ക് എന്ത് തുകയാണ് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഏത് ഏജൻസിയാണ് സബ്സിഡി നൽകുന്നത്;

(ഡി) അസോസിയേഷനുകൾ കൂടാതെ വേറെ ആർക്കെല്ലാമാണ് ഇത്തരം സബ്സിഡി നൽകാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ</u>
<u>പദ്ധതിച്ചെലവ് വിശകലനം</u>

*595 ശ്രീ. സി. മമ്മൂട്ടി
,, എം. പി. അബ്ദുസ്സമദ് സമദാനി
,, എൻ. എ. നെല്ലിക്കുന്ന്
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും**
**നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവിൽ ഓരോ വർഷവും കുറവു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഓരോ സാമ്പത്തിക വർഷവും മാർച്ച് മാസത്തിലാണ് ഏറ്റവും കൂടുതൽ ചെലവ് രേഖപ്പെടുത്താറുള്ളത് എന്നുള്ളതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) നിലവിലെ സ്ഥിതിവിശേഷം വികസനമാന്ദ്യത്തിനും അഴിമതിക്കും വഴിവെക്കുമെന്നത് കണക്കിലെടുത്ത്, മൂന്നുമാസത്തിലൊരിക്കൽ പദ്ധതിചെലവുകൾ റിവ്യൂ ചെയ്യുന്നതിനും അടുത്ത മൂന്നു മാസത്തേക്കുള്ള പ്രവർത്തനം സംബന്ധിച്ചും, കൈവരിക്കേണ്ട ഭൗതിക നേട്ടം സംബന്ധിച്ചും ടാർജറ്റ് നിശ്ചയിച്ച് നല്കാനും ആവശ്യമായ നിർദ്ദേശം നല്കുമോ?

# കേരള നിയമസഭ

## 10.07.2012-ലെ മറുപടിക്ക്

കെട്ടിട നികുതിയിൽ ഇളവുകൾ

*596 ശ്രീ. എം.എ. വാഹീദ്
,, കെ. മുരളീധരൻ
,, വർക്കല കഹാർ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ കെട്ടിട നികുതിയിൽ ഇളവുകൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) എന്തെല്ലാം ഇളവുകളാണ് നൽകാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) ഇതു സംബന്ധിച്ച എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിലെ വസ്തു നികുതി പരിഷ്ക്കരണം</u>

*597 ശ്രീ. എം. ഉമ്മർ
,, കെ.എൻ.എ. ഖാദർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലെ വസ്തു നികുതി പരിഷ്ക്കരണ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) നികുതി പരിഷ്ക്കരണ കാര്യത്തിൽ പുതിയ മാനദണ്ഡം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ നികുതി നിർണ്ണയത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ

## 10.07.2012-ലെ മറുപടിക്ക്

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

*598 ശ്രീ. ബി. സത്യൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ/പരിപാടികൾ ഏതെല്ലാമാണെന്നറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ/പരിപാടികൾ ഒരോന്നിനും കേന്ദ്രത്തിൽ നിന്നും എന്തു തുക 2011-12 ൽ ലഭിച്ചുവെന്ന് പറയാമോ; ഈ തുക എത്ര ഗഡുക്കളായി, ഏത് തീയതികളിൽ ലഭിച്ചു എന്നറിയിക്കാമോ;

(സി) കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് സമയബന്ധിതമായി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഫണ്ട് വൈകിയതിനെ തുടർന്ന് സംസ്ഥാന ധനകാര്യവകുപ്പ് ആവശ്യമായ സഹായം നൽകണമെന്ന തദ്ദേശസ്വയംഭരണ വകുപ്പ് ആവശ്യം ഉന്നയിച്ചിരുന്നുവോ;

(ഡി) ഈ ആവശ്യത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വിശദാംശം അറിയിക്കാമോ;

(ഇ) 2011-12 ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>കേന്ദ്രാവിഷ്കൃത പദ്ധതികളിൽ വരുത്തേണ്ട മാറ്റങ്ങൾ</u>

*599 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. രാജു എബ്രഹാം
,, പി.റ്റി.എ. റഹിം
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(ബി) സർക്കാർ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കുമോ;

(സി) ഏതെങ്കിലും നിർദ്ദേശം അംഗീകരിച്ച് ഉത്തരവായിട്ടുണ്ടോ;

(ഡി) ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിലാണ് സംസ്ഥാനത്തിന് വിഷമതകൾ ഉണ്ടാകുന്നതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ജെ. എൻ. എൻ. യൂ. ആർ. എം. പുതിയ പദ്ധതി</u>

*600 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, റ്റി. എ. അഹമ്മദ് കബീർ
,, പി. ഉബൈദുള്ള
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജെ. എൻ. എൻ. യൂ. ആർ. എം.ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദവിവരം നല്കാമോ ;

(സി) ഇതിന്റെ കീഴിൽ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടുകളെക്കുറിച്ച് വ്യക്തമാക്കാമോ ;

(ഡി) ഇതിന്റെ നടത്തിപ്പിൽ മറ്റേതെങ്കിലും സംസ്ഥാനത്തിന്റെ പ്രവർത്തനം മാതൃകയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി – ഇൻ – ചാർജ്
2012 ജൂലൈ 1.

"T" ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.